13/6/16

020836

കേരള സർക്കാർ

പൊതുഭരണ (ഏകോപനം) വകുപ്പ്

നം. ഇ-637760/സിഡിഎൻ.4/2016/പൊഭവ                    തീയതി, തിരുവനന്തപുരം, 08.06.2016

## പരിപത്രം

വിഷയം:- സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ശുചീകരണ യജ്ഞം (Cleanliness Drive) സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്പ്മെന്റ് സെക്രട്ടറി ശ്രീ. രാജീവ് ഗൗബ, ചീഫ് സെക്രട്ടറിയ്ക്കയച്ച 13.05.2016-ലെ MD-SBM/AA/52/2016 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

സ്വച്ഛ് ഭാരത് മിഷന്റെ ഭാഗമായി, രാജ്യത്താകമാനമുള്ള ഗവൺമെന്റ് ഓഫീസുകളിലും കെട്ടിടങ്ങളിലും ശുചീകരണ യജ്ഞം (Cleanliness Drive) സംഘടിപ്പിക്കണമെന്നും ഇതിനായി തയ്യാറാക്കിയിട്ടുള്ള 'സ്വച്ഛ് ഭാരത് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സ്' (SOP) നടപ്പാക്കണമെന്നും; ശുചീകരണ യജ്ഞവുമായി ബന്ധപ്പെട്ട് ജീവനക്കാർ ശുചീകരണ പ്രതിജ്ഞയെടുക്കണമെന്നും സൂചനയിലെ കത്ത് പ്രകാരം അറിയിച്ചിരിക്കുകയാണ്. കൂടാതെ, സർക്കാർ ഓഫീസുകളിലെ വേസ്റ്റ് മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി വേസ്റ്റ് റീസൈക്ലിംഗ് സംവിധാനം ഉൾപ്പെടെയുള്ളവ നടപ്പിലാക്കണമെന്നും എല്ലാ സർക്കാർ ഓഫീസുകളും അതിന്റെ പരിസര പ്രദേശങ്ങളും ഓഫീസുകളുടെ റൂഫ് ടോപ്പുകളും വൃത്തിയാക്കണമെന്നും ഓഫീസ് പരിസരത്തെ എല്ലാ ഉപയോഗയോഗ്യമല്ലാത്ത മാലിന്യങ്ങളും നീക്കം ചെയ്യണമെന്നും സാനിട്ടറി സൗകര്യങ്ങൾ പരിശോധിക്കുകയും വൃത്തിയാക്കുകയും ആവശ്യമായ റിപ്പയർ വർക്കുകൾ ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

2) ഈ സാഹചര്യത്തിൽ, എല്ലാ വകുപ്പുമേധാവികളും ജില്ലാ കളക്ടർമാരും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികളും അവരവരുടെ ഓഫീസുകളിൽ 2016 ജൂൺ 13 മുതലുള്ള രണ്ടാഴ്ക്കാലം ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടതും 2016 ജൂൺ 13-ന് രാവിലെ 9:45-ന് സ്വച്ഛതാ പ്രതിജ്ഞയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രതിജ്ഞയുടെ പൂർണ്ണരൂപം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

3) ശുചീകരണ യജ്ഞം സംഘടിപ്പിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള 'സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയേഴ്സി'ന്റെ ലേറ്റസ്റ്റ് വേർഷൻ, **www.swachhbharaturban.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ശുചീകരണ യജ്ഞദിനങ്ങളിലെ ചിത്രങ്ങൾ **www.swachhbharat.mygov.in** എന്ന സൈറ്റിൽ അതത് വകുപ്പുകൾ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതും ശുചീകരണ യജ്ഞവുമായി ബന്ധപ്പെട്ട പ്രസ്സ് കട്ടിംഗുകളും ടിവി, വീഡിയോ ക്ലിപ്പിംഗുകളും **sanghamitrab@kpmg.com** എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

കെ.ആർ. ജ്യോതിലാൽ
സെക്രട്ടറി

Received on 13/6/16 4.30 p.m.

എല്ലാ വകുപ്പു മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്ക്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ , വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
[illegible] കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്,
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പ്
(സെക്രട്ടേറിയറ്റിൽ ശുചീകരണ യജ്ഞം, സ്വച്ഛതാ പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുമായി)
പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന്
(സെക്രട്ടേറിയറ്റിൽ ശുചീകരണ പ്രതിജ്ഞ സംഘടിപ്പിക്കുന്നതിന് ദർബാർ ഹാൾ ബുക്ക് ചെയ്യുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം (അറിവിലേക്കും തുടർ നടപടിക്കുമായി)
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്
(ശുചിത്വമിഷനുമായി ചേർന്ന് സർക്കാർ ഓഫീസുകളിലെ ശുചീകരണ യജ്ഞം സംബന്ധിച്ച അനന്തര നടപടികൾ ഏകോപിപ്പിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

പകർപ്പ് :
മുഖ്യമന്ത്രിയുടെ അഡീഷണൽ ചീഫ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ഉത്തരവ് നം. 20836/16/കോ.വി.വ തീയതി: 16.6.16

സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിൻ പ്രകാരമുള്ള ശുചിത്വ പ്രതിജ്ഞ ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും 17/6/16 ന് രാവിലെ 11 മണിക്ക് ചൊല്ലേണ്ടതും തുടർന്നുള്ള രണ്ടാഴ്ചക്കാലം ശുചീകരണ യജ്ഞം സംഘടിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്) 16/6/16
സി. എസ്

എല്ലാ പോളിടെക്നിക് സൂപ്രണ്ടുമാർക്കും
പ്രിൻസിപ്പാൾ/ വാർഡൻ മാർക്കും
അറിവിലേക്കായി.

(ഒപ്പ്) 16/6/16

# ശുചീകരണ പ്രതിജ്ഞ

മഹാത്മാഗാന്ധി സ്വപ്നംകണ്ട ഭാരതത്തിൽ ദേശീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല, ശുചിത്വബോധമുള്ളതും വികസിതവുമായ ഒരു രാഷ്ട്രം എന്ന സങ്കൽപ്പവും കൂടി ഉണ്ടായിരുന്നു.

മഹാത്മാഗാന്ധി അടിമത്തത്തിന്റെ ചങ്ങലപൊട്ടിച്ച് ഭാരത മാതാവിനെ സ്വതന്ത്രമാക്കി.

ഇനി നമ്മുടെ കർത്തവ്യം മാലിന്യനിർമ്മാർജ്ജനത്തിലൂടെ ഭാരത മാതാവിനെ സേവിക്കുക എന്നതാണ്.

ശുചിത്വംപാലിക്കാൻ ജാഗ്രത പുലർത്തുകയും അതിനുവേണ്ടി സമയം വിനിയോഗിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

വർഷത്തിൽ നൂറു മണിക്കൂർ, അതായത് ആഴ്ചയിൽ രണ്ടു മണിക്കൂർ എന്ന തോതിൽ ശ്രമദാനത്തിലൂടെ ശുചിത്വം എന്ന ആശയം ഞാൻ സാർത്ഥകമാക്കും.

ഞാൻ മാലിന്യത്തിന് കാരണക്കാരനാകുകയോ മറ്റുള്ളവരെ അതിന് അനുവദിക്കുകയോ ചെയ്യുകയില്ല.

ആദ്യമായി ഞാൻ ശുചിത്വത്തിന് നാന്ദി കുറിക്കുന്നത് എന്നിൽ നിന്നും എന്റെ കുടുംബത്തിൽനിന്നും എന്റെ പ്രദേശത്തുനിന്നും എന്റെ ഗ്രാമത്തിൽ നിന്നും എന്റെ ജോലിസ്ഥലത്തുനിന്നും ആയിരിക്കും.

ശുചിത്വംപാലിക്കുന്ന രാഷ്ട്രങ്ങളിലെ ജനങ്ങൾ ഒന്നും മലിനമാക്കുകയോ മലിനമാക്കുവാനനുവദിക്കുകയോ ചെയ്യുന്നവരല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഈ ചിന്തയോടുകൂടി ഞാൻ തെരുവുകൾതോറും ഗ്രാമങ്ങൾ തോറും ശുചിത്വ ഭാരത സന്ദേശം പ്രചരിപ്പിക്കും.

ഇന്നു ഞാനെടുക്കുന്ന ഈ പ്രതിജ്ഞ മറ്റ് നൂറ് വ്യക്തികളെ ക്കൊണ്ടുകൂടി എടുപ്പിക്കും.

അവരും എന്നെപ്പോലെ ശുചിത്വത്തിന് വേണ്ടി നൂറ് മണിക്കൂർ ചെലവഴിക്കാൻ ഞാൻ പരിശ്രമിക്കും.

ശുചീകരണത്തിനുവേണ്ടി ഞാൻ വച്ച ഓരോ ചുവടും ഭാരതം മുഴുവൻ ശുചിത്വമുള്ളതാക്കുവാൻ സഹായകരമായിരിക്കും എന്ന് എനിക്കറിയാം.